തുഞ്ചത്ത് എഴുത്തച്ഛൻ
മലയാളസർവ്വകലാശാല
വാക്കാട് പോസ്റ്റ്, മലപ്പുറം - 676 502.

തിയ്യതി : 22 -11-2024

നമ്പർ-1793/B-2/2024/അഡ്മിൻ

# അറിയിപ്പ് -9/2024

പ്രൊഫഷണൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികകയിലേക്ക് അപേക്ഷ ക്ഷണിച്ചു കൊണ്ട് പ്രസിദ്ധീകരിച്ചിരുന്ന 15/03/2024 ലെ അറിയിപ്പ് ഭേദഗതി ചെയ്തുകൊണ്ട് അറിയിപ്പ് - 9/2024 പ്രസിദ്ധീകരിക്കുന്നു.
**മുൻ അറിയിപ്പ് പ്രകാരം അപേക്ഷിച്ചിട്ടുള്ള ലൈബ്രറി സയൻസിൽ മാസ്റ്റർ ബിരുദമുള്ളവർ പുതുതായി വീണ്ടും അപേക്ഷിക്കേണ്ടതില്ല.**

തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാലാ ലൈബ്രറിയിൽ പ്രൊഫഷണൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലേക്ക് അർഹരായ ഉദ്യോഗാർഥികളുടെ ഒരു പാനൽ തയ്യാറാക്കുന്നതിനായി അപേക്ഷകൾ ക്ഷണിക്കുന്നു.

| | |
|---|---|
| യോഗ്യത | കേരളത്തിലെ ഏതെങ്കിലും ഒരു സർവകലാശാല അംഗീകരിച്ചിട്ടുള്ള ലൈബ്രറി സയൻസിലുള്ള ബിരുദം/ ബിരുദാനന്തര ബിരുദം. |
| പ്രായ പരിധി | 01-01-2024 ന് 36 വയസ്സ് കവിയരുത്<br>*പട്ടികജാതി / പട്ടികവർഗ്ഗം /ഒ.ബി.സി വിഭാഗങ്ങൾക്ക് നിയമാനുസൃത ഇളവിന് അർഹതയുണ്ടായിരിക്കുന്നതാണ്* |
| അപേക്ഷിക്കേണ്ട രീതി | അർഹരായ ഉദ്യോഗാർത്ഥികൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന മാതൃകയിൽ തയ്യാറാക്കിയ അപേക്ഷ, careers@temu.ac.in എന്ന ഇമെയിൽ വിലാസത്തിലേക്ക് pdf ആയി അയക്കേണ്ടതാണ്.<br>**അപേക്ഷകളുടെ പകർപ്പ് തപാൽ വഴി അയക്കേണ്ടതില്ല** |
| **അപേക്ഷകൾ ലഭിക്കേണ്ട അവസാന ദിവസം** | 26-11-2024 |

- നിയമനം സംവരണക്രമം പാലിച്ചുകൊണ്ടായിരിക്കും. സംവരണവിഭാഗത്തിലേക്ക് പരിഗണിക്കപ്പെടണമെങ്കിൽ ഉദ്യോഗാർത്ഥികൾ നിർബന്ധമായും ബന്ധപ്പെട്ട റവന്യൂ അധികാരികളിൽ നിന്നുള്ള നോൺ ക്രീമിലെയർ/ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
- അപേക്ഷകരുടെ യോഗ്യതകൾ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലയോ പി എസ് സി യോ അംഗീകരിച്ചതായിരിക്കണം. കേരളത്തിനു പുറത്തുള്ള സർവകലാശാലകളിൽ നിന്നും യോഗ്യത നേടിയിട്ടുള്ളവർ കേരളത്തിലെ ഏതെങ്കിലും സർവകലാശാലയിൽ നിന്നുള്ള തുല്യതാ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
- അപേക്ഷ സമർപ്പിച്ചിട്ടുള്ള എല്ലാ ഉദ്യോഗാർഥികൾക്കുമായി 30-11-2024 (ശനിയാഴ്ച) ഒരു പ്രാഥമിക എഴുത്തുപരീക്ഷ നടത്തുന്നതും ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുന്നവർക്ക് പ്രായോഗിക പരീക്ഷ / അഭിമുഖം എന്നിവക്ക് ശേഷമായിരിക്കും റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്.
- പരീക്ഷ സംബന്ധമായ വിശദാംശങ്ങൾ യഥാസമയം സർവകലാശാല വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. നിയമന പ്രക്രിയയുമായി ബന്ധപ്പെട്ട ആശയവിനിമയങ്ങൾ ഇമെയിൽ/ സർവകലാശാല വെബ് സൈറ്റ് വഴിയായിരിക്കുമെന്നതിനാൽ ഉദ്യോഗാർത്ഥികൾ യഥാസമയങ്ങളിൽ അവരവരുടെ മെയിൽ/ സർവകലാശാല വെബ് സൈറ്റ് എന്നിവ പരിശോധിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾക്ക് വ്യക്തിപരമായി അറിയിപ്പ് അയക്കുന്നതല്ല

[ ഒപ്പ് ]

**പ്രൊഫ (ഡോ) കെ എം ഭരതൻ**
**രജിസ്ട്രാർ ഇൻ ചാർജ്**

# പ്രൊഫഷണൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലേക്കുള്ള അപേക്ഷ ഫോറം

<table>
<tr><td colspan="2">ഉദ്യോഗാർത്ഥിയുടെ പേര്</td><td colspan="4"></td></tr>
<tr><td colspan="2">വിലാസം പിൻ സഹിതം</td><td colspan="4"></td></tr>
<tr><td colspan="2">ആധാർ കാർഡ് നമ്പർ</td><td colspan="4"></td></tr>
<tr><td>ഫോൺ നമ്പർ</td><td colspan="2"></td><td>ഇമെയിൽ</td><td colspan="2"></td></tr>
<tr><td>ജനന തിയതി</td><td colspan="2"></td><td>വയസ്സ് (1-1-24 ന്)</td><td colspan="2"></td></tr>
<tr><td>ആണ്/ പെണ്ണ്/ മറ്റുള്ളവ</td><td></td><td>മതം</td><td></td><td>ജാതി</td><td></td></tr>
<tr><td rowspan="4">വിദ്യാഭ്യാസ യോഗ്യത</td><td>ബിരുദം</td><td colspan="4"></td></tr>
<tr><td>സർവകലാശാല</td><td colspan="4"></td></tr>
<tr><td>ബിരുദാനന്തര ബിരുദം</td><td colspan="4"></td></tr>
<tr><td>സർവകലാശാല</td><td colspan="4"></td></tr>
<tr><td colspan="2">അധിക യോഗ്യത</td><td colspan="4"></td></tr>
<tr><td colspan="2">പ്രവൃത്തിപരിചയം</td><td colspan="4"></td></tr>
<tr><td colspan="2">മറ്റ് പ്രസക്ത വിവരങ്ങൾ</td><td colspan="4"></td></tr>
</table>

സ്ഥലം : ഒപ്പ്:

തിയ്യതി : പേര്:

*സർട്ടിഫിക്കറ്റുകളുടെ പകർപ്പ് അയക്കേണ്ടതില്ല*